**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1260** **13.07.2016 ൽ മറുപടിയ്ക്ക്**

**സർക്കാർ ഓഫീസുകൾ പേപ്പർ രഹിതമാക്കുന്നതിന് കർമ്മപദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.റോജി എം. ജോൺ<br>ശ്രീ.വി.റ്റി.ബൽറാം | ശ്രീ. പിണറായി വിജയൻ<br>(ബഹു:മുഖ്യമന്ത്രി ) |

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളെയും പേപ്പർ രഹിതമാക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതിനായി എന്തെല്ലാം സംവിധാനങ്ങളാണ് സർക്കാർ ഓഫീസുകളിൽ ഒരുക്കിയിട്ടുള്ളത്; വിശദമാക്കാമോ;

(എ) യും (ബി) യും പരമ്പരാഗത രീതിയിൽ ഫയൽ കൈകാര്യം ചെയ്യുന്നതിനു പകരമായി പൂർണ്ണമായും ഡിജിറ്റലായി ഫയൽ കൈകാര്യം ചെയ്യുന്നതിന് പ്രാപ്തമാകുന്ന കടലാസ് രഹിത സംവിധാനമാണ് നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (എൻ ഐ സി) വികസിപ്പിച്ചെടുത്ത ഇ-ഓഫീസ്. ഓൺലൈനായി ഏത് സമയത്തും ഫയൽ കൈകാര്യം ചെയ്യാനും സർക്കാർ ഉത്തരവുകളും കത്തുകളും മറ്റും ഡിജിറ്റൽ ഒപ്പോടുകൂടി അയയ്ക്കുവാനും ഇതിൽ സംവിധാനമുണ്ട്.ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം സർക്കാർ ഓഫീസുകളിലെ ഫയൽ നടപടികൾ ഇലക്ട്രോണിക്സ് സംവിധാനത്തിലൂടെ വേഗത്തിലാക്കുക, കാര്യക്ഷമത വർധിപ്പിക്കുക, അതുവഴി വേഗത്തിൽ തീരുമാനം എടുക്കാൻ സഹായിക്കുക എന്നുള്ളതാണ്. ഫയൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനുള്ള സമയദൈർഘ്യം കുറയ്ക്കുന്നതിനും അതു വഴി പൊതുജനങ്ങൾക്ക് പരമാവധി വേഗത്തിൽ സർക്കാർ സേവനങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി വരുന്നത്. ഈ പദ്ധതി നടപ്പാക്കുന്നതിനു വേണ്ട അടിസ്ഥാന സൗകര്യങ്ങൾ, കംപ്യൂട്ടറുകൾ , സ്കാനറുകൾ , ഡിജിറ്റൽ സിഗ്നെചർ, വെർച്ചൽ പ്രൈവറ്റ് നെറ്റ് വർക്ക് എന്നിവ ഏർപ്പെടുത്തുകയും മലയാളം കംപ്യൂട്ടിംഗ്, ഇ-ഓഫീസ് എന്നിവയിൽ ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗും നൽകി വരുന്നു

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം സർക്കാർ ഓഫീസുകളിൽ ഈ സംവിധാനം നിലവിൽ വന്നിട്ടുണ്ട്; | (സി) | സെക്രട്ടേറിയേറ്റിലെ ആഭ്യന്തരം, വിജിലൻസ്,വിവര പൊതുജന സമ്പർക്ക വകുപ്പുകളൊഴികെ മറ്റെല്ലാ വകുപ്പുകളിലും സെക്രട്ടേറിയേറ്റിന് പുറത്ത് 6 കളക്ടറേറ്റുകളിലും 7 ഡയറക്ടറേറ്റുകളിലും 2 സബ്കളക്ടറേറ്റുകളിലും ഇ ഓഫീസ് നടപ്പിലാക്കി വരുന്നു. |
| (ഡി) | ഇതു നടപ്പാക്കുന്നതിന് ആരുടെയെല്ലാം സാങ്കേതിക സഹായം പ്രയോജനപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കാമോ? | (ഡി) | ഇ-ഓഫീസ് സോഫ്റ്റ് വെയർ വികസിപ്പിച്ചെടുത്തത് എൻ.ഐ.സി ആണ്.ഈ പദ്ധതി നടപ്പാക്കുന്നതിനു വേണ്ട അടിസ്ഥാന സൗകര്യങ്ങൾ , കമ്പ്യൂട്ടറുകൾ, സ്കാനറുകൾ, ഡിജിറ്റൽ സിഗ്നേചർ, വെർച്ചൽ പ്രൈവറ്റ്നെറ്റ് വർക്ക് എന്നിവ സംബന്ധിച്ച സാങ്കേതിക ഉപദേശങ്ങൾ കേരള സ്റ്റേറ്റ് ഐ.ടി മിഷൻ നൽകുന്നു. കൂടാതെ മലയാളം കംപ്യൂട്ടിംഗ്, ഇ-ഓഫീസ് ട്രെയിനിംഗ് എന്നിവ വകുപ്പുതലത്തിൽ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ